E-186824

compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2023 ഫെബ്രുവരി 07
**Tuesday, 07th February 2023**

1198 മകരം 24
**24th Makaram 1198**

1944 മാഘം 18
**18th Magha 1944**

വാല്യം 12
**Vol. XII**

നമ്പർ
**No.** **6**

## Part III

# Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## കേരള ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:— ഫിഷറീസ്—ജീവനക്കാര്യം—ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ഓഫീസിലെ 17-11-2021-ാം തീയതിയിലെ DFTVM/3256/2021-A6 നമ്പർ സർക്കുലർ.

(2) ശ്രീ. ജെയിൻ, ഐ. ബി., ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ 21-11-2021-ലെ അപേക്ഷ.

(3) ശ്രീമതി രാധ, ആർ., ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ 2-12-2021-ലെ അപേക്ഷ.

(4) 26-12-2022 തീയതിയിലെ A2/236/2022/F&P നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നമ്പർ DFTVM/3256/2021-A6. തീയതി 18-1-2023**

ഫിഷറീസ് വകുപ്പിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ 1-11-2021 വരെയുള്ള കാലയളവിലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിക്കുകയും ആയത് സംബന്ധിച്ച ആക്ഷേപങ്ങൾ/പരാതികൾ ക്ഷണിച്ച് സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ആയത് സംബന്ധിച്ച പരാമർശം (2), (3) പ്രകാരം പരാതികൾ ലഭിച്ചിരുന്നു. സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട് ശ്രീ. ജെയിൻ, ഐ. ബി., ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ബഹു. KAT മുമ്പാകെ OA (EKM) 1855/2020 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പരാമർശം (4) അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ കോടതി വിധിക്കനുസരിച്ച് ആവശ്യമെങ്കിൽ ടിയാളുടെ സീനിയോരിറ്റി പുനഃക്രമീകരിക്കുന്നതാണ്. സീനിയോരിറ്റി തർക്കവുമായി ബന്ധപ്പെട്ട് ശ്രീമതി രാധ, ആർ., ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ബഹു. KAT മുമ്പാകെ OA 711/2019 നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസിലെ 3-1-2022 തീയതിയിലെ ബഹു. KAT-ന്റെ ഉത്തരവ് പ്രകാരം ടിയാളുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 17-11-2021-ാം തീയതിയിൽ പ്രസിദ്ധീകരിച്ച ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ മുൻഗണനാ പട്ടിക അന്തിമമാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവ് ബഹു. KAT മുമ്പാകെ പരിഗണനയിലുള്ള OA (EKM) 1855/2020 നമ്പർ കേസിലെ അന്തിമ വിധിക്കു വിധേയമായിരിക്കും.

ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

(ഒപ്പ്)
ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/